(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

1. 2003-ലെ കേരള പീരുമേട് ജനകീയ ഡയറി സംസ്ഥാപന കാര്യകർതൃത്വ ബിൽ

ശ്രീ. ഇ. എം. അഗസ്തി: 2003 കേരള പീരുമേട് ജനകീയ ഡയറി സംസ്ഥാപന കാര്യ കർതൃത്വ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, പീരുമേട് പ്രദേശത്തെ കാലിവളർത്തലുകാരായ ആളുകളുടെ പശുക്കളെ അവരുടെതന്നെ ചെലവിൽ സർക്കാർ ഫാമുകളിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വളർത്തിയെടുത്ത് അതിൽനിന്നുള്ള ലാഭം കൃഷിക്കാർക്കുതന്നെ തിരികെ കൊടുത്തുകൊണ്ട് കാലിവളർത്തൽ ലാഭകരമാക്കിത്തീർക്കുവാനുള്ള ഒരു പുതിയ സംവിധാനമാണ് ഈ ബില്ലിലൂടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഇ. എം. അഗസ്തി നിർദ്ദേശിച്ചിരിക്കുന്നത്. കന്നുകാലി വളർത്തലിന് സർക്കാർ ഫാമുകളിൽ ലഭ്യമായിട്ടുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തു മെന്നല്ലാതെ അത് അപ്രകാരമായിരിക്കുകയില്ല എന്നാണ് ഇത് സംബന്ധിച്ച കൃഷി വകുപ്പിന്റെ വിലയിരുത്തൽ. കന്നുകാലി വളർത്തൽ ലാഭകരമാക്കി തീർക്കുന്നതിന് നിരവധി സംവിധാനങ്ങൾ സർക്കാർ നേതൃത്വത്തിൽ ഏർപ്പെടുത്തിയിട്ടുള്ളത് ഉൾനാടൻ ഗ്രാമങ്ങളിൽപ്പോലും ഇന്ന് ലഭ്യമാണ്. മാത്രമല്ല, സഹകരണ മേഖല വളരെ സജീവമായി പശു വളർത്തൽ പാലുൽപ്പാദന മേഖലകളിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ പശു വളർത്തൽ കൂട്ടായ സംരംഭം എന്നതിന് ഉപരിയായിട്ട് ഒരു വ്യക്തിഗത സംരംഭം എന്ന നിലയ്ക്കു മാത്രമേ ലാഭകരമായി പ്രവർത്തിക്കുന്നുള്ളൂ എന്ന് അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. ഉദാഹരണം പൂക്കോട് ഡയറി പ്രോജക്ട്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. ഇ. എം. അഗസ്തി: സർ, എനിക്ക് വലിയ ആദരവുള്ള ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇത്ര ക്രൂരമായി എന്നോട് പറയുമെന്ന് ഞാൻ വിചാരിച്ചില്ല. അതുമാത്രമല്ല അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച കമ്മിറ്റിയുടെ ചെയർമാനായ ശ്രീ. സുജനപാൽ പറയുന്നത് എല്ലാ ബില്ലുകളോടും അദ്ദേഹം വളരെ ക്രൂരമായിട്ടാണ് പെരുമാറുന്നത് എന്നാണ്. .....(ബഹളം).....പാവം ക്രൂരനാണെങ്കിലും സിമ്പിൾ ക്രൂരനാണെങ്കിലും ക്രൂരൻ ക്രൂരൻ തന്നെയാണ് എന്ന യാഥാർത്ഥ്യം മനസ്സിലാക്കണം. എന്റെ ബില്ലിൽ ഞാൻ പ്രധാനമായി ഉദ്ദേശിക്കുന്നത്, കന്നുകാലി വളർത്തലിന് ഏറ്റവും അനുയോജ്യമായ കാലാവസ്ഥയും ഭൂഘടനയുമുള്ള പ്രദേശമാണ് പീരുമേട് നിയോജകമണ്ഡലം. മൂന്നാറും അങ്ങനെ തന്നെയാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: ബഹുമാന്യനായ ശ്രീ. ഹസ്സൻ ഈ ബില്ലിനെ എതിർക്കുന്നതായി ചൂണ്ടിക്കാണിച്ചു. അദ്ദേഹം നേരത്തെ അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച കമ്മിറ്റിയുടെ ചെയർമാനായിരുന്നു. മെമ്പർമാരുടെ ബില്ലുകൾ അവതരിപ്പിക്കുവാനുള്ള അനുമതി നൽകുകയാണ് അന്ന് അദ്ദേഹം ചെയ്തത്. അദ്ദേഹം മന്ത്രിയായപ്പോൾ വളരെ മാറിപ്പോയെന്ന് കാണുന്നത് വളരെ നിർഭാഗ്യകരമാണ്.

ശ്രീ. എം. എം. ഹസ്സൻ: ഞാൻ ചെയർമാനായിരുന്ന കാലത്ത് ഒരു ബില്ലിനും ഗവൺമെന്റ് അനുകൂലമായ നിലപാട് എടുത്തിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. അഗസ്തി: ബഹുമാനപ്പെട്ട എം. എം. ഹസ്സൻ അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ചെയർമാനായിരുന്ന കാലത്ത് ഗവൺമെന്റ് അനുകൂലമായ നിലപാട് സ്വീകരിച്ചില്ല എന്ന യാഥാർത്ഥ്യവും അദ്ദേഹം വിഷമത്തോടുകൂടി വിശദീകരിച്ച സ്ഥിതിക്ക് മന്ത്രി ആയ സമയത്ത് കുറച്ചുകൂടി അനുകൂലമായ സമീപനം സ്വീകരിക്കണമെന്ന അഭ്യർത്ഥനയോടുകൂടി ഞാൻ എന്റെ ബില്ലിന്റെ ഉദ്ദേശലക്ഷ്യത്തിലേക്ക് കടക്കുകയാണ്. കന്നുകാലി വളർത്തലിന് ഏറ്റവും അനുയോജ്യമായ ഭൂഘടനയും കാലാവസ്ഥയുമുള്ള ദേശമാണ് സഹ്യപർവ്വത പ്രദേശത്തിന്റെ താഴ്വരയിലുള്ള പീരുമേട്, ദേവികുളം, ഉടുമ്പൻചോല പ്രദേശങ്ങൾ. അതിന്റെ പ്രത്യേകത എന്നു പറയുന്നത് തണുപ്പുള്ള നല്ല കാലാവസ്ഥയും അതുപോലെതന്നെ വർഷത്തിൽ പന്ത്രണ്ട് മാസവും പച്ചപ്പുൽ ലഭ്യമാകുന്ന പ്രദേശവുമാണ് എന്നതാണ്. പക്ഷേ അവിടുത്തെ മറ്റൊരു പ്രത്യേകത ദേവികുളം, പീരുമേട് പ്രദേശങ്ങളിലെ ഭൂമി ബഹുഭൂരിപക്ഷവും, 90-91 ശതമാനം ഭൂമിയും, വലിയ തോട്ടം ഉടമകളുടെ കയ്യിലാണ്. തേയിലത്തോട്ടങ്ങളുടെ നാടായ പീരുമേട്ടിലും ദേവികുളത്തും ഭൂമി സിംഹഭാഗവും തോട്ടം ഉടമകളുടെ കയ്യിലാണ്. ആ തോട്ടങ്ങളെ ആശ്രയിച്ച് ജീവിക്കുന്ന തൊഴിലാളികളുടെ ആവാസകേന്ദ്രമാണ് അത്. ഈ തോട്ടങ്ങളിൽ തലമുറകളായി ജീവിക്കുന്ന ആളുകൾക്ക് തോട്ടത്തിൽ പണിയെടുത്ത് കിട്ടുന്ന കൂലിയല്ലാതെ മറ്റൊരു ജീവിതമാർഗ്ഗവും ഇന്നുവരെ ഉണ്ടായിട്ടില്ല. ആ തോട്ടങ്ങൾ പലതും പ്രതിസന്ധിയിലാണ്. തൊഴിലാളികൾ തോട്ടങ്ങൾ ഉപേക്ഷിച്ചിട്ട് പോകുന്നു. ഗവൺമെന്റ് സൗജന്യ റേഷനും മറ്റ് സഹായങ്ങളുമൊക്കെ നൽകി പട്ടിണി മരണങ്ങൾ ഒഴിവാക്കുന്നതൊഴിച്ചാൽ മറ്റേതെങ്കിലും alternative job develop ചെയ്യുന്നതിന് കാര്യമായ ശ്രമമൊന്നും ഇതുവരെ നടത്തിയിട്ടില്ല. അതുകൊണ്ടുകൂടി ഇവിടെ ഈ രണ്ട് ഉദ്ദേശ്യങ്ങൾ വച്ചുകൊണ്ടാണ് ഞാൻ ഇപ്രകാരം ഒരു ബില്ലിന് രൂപം നൽകിയത്. മാത്രമല്ല പീരുമേടിൽ ഡയറിക്ക് ചരിത്രപരമായ പശ്ചാത്തലമുണ്ട്. ഇൻഡോ-സ്വിസ് പ്രോജക്ട് നിലവിൽവന്ന കാലം മുതൽതന്നെ കേരളത്തിൽ കന്നുകാലി വളർത്തലും അതിന്റെ ഗവേഷണവും ആരംഭിച്ചു. കോലാഹലമേടിൽ, പീരുമേട് നിയോജക മണ്ഡലത്തിൽ അന്തർദേശീയ ടൂറിസ്റ്റ് കേന്ദ്രം വിഭാവനം ചെയ്യുന്ന വാഗമണ്ണിന് അടുത്തുള്ള കോലാഹലമേടിൽ 2500-ഓളം ഏക്കർ വരുന്ന ഒരു ഫാം ഇൻഡോ-സ്വിസ് പ്രോജക്ടിൽ ഉണ്ടായിരുന്നു. പിന്നീട് ഇത് കെ.എൽ.ഡി.എം.എം. ബോർഡിലേക്ക് കൈമാറി. അവിടെയാണ് നമ്മുടെ സംസ്ഥാനത്ത് അത്യുൽപ്പാദനശേഷിയുള്ള കന്നുകാലികളെ വളർത്തുകയും അതിന്റെ പ്രജനനത്തിനുള്ള പരീക്ഷണങ്ങളൊക്കെ നടത്തുകയും കേരളത്തിലെ കന്നുകാലി വളർത്തൽ സമൃദ്ധമാക്കുന്നതിനുള്ള പരീക്ഷണങ്ങളും ഗവേഷണങ്ങളുമൊക്കെ നടത്തുകയും ചെയ്യുന്നത്. പക്ഷേ ദൗർഭാഗ്യവശാൽ ഇൻഡോ-സ്വിസ് പ്രോജക്ടിന്റെ കാലത്ത് ആരംഭിക്കുകയും കെ.എൽ.ഡി.എം.എം.ബോർഡിന് കൈമാറുകയും ചെയ്തിരിക്കുന്ന കോലാഹലമേടിലെ ഈ ഗവേഷണ കേന്ദ്രം, അതുപോലെതന്നെ കന്നുകാലി വളർത്തൽ കേന്ദ്രം ഇന്ന് അനാഥാവസ്ഥയിലായിരിക്കുകയാണ്. ബഹുമാനപ്പെട്ട കൃഷിമന്ത്രി ശ്രദ്ധിക്കുമെന്ന് ഞാൻ കരുതുകയാണ്. കേരളാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഈ കെ.എൽ.ഡി.എം.എം. ബോർഡിന്റെ സ്ഥലം ഏറ്റെടുത്തുകൊണ്ട് അവിടെ അന്തർദേശീയ നിലവാരമുള്ള ഡയറി സയൻസ് കോളേജ് തുടങ്ങാനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തുകയും അതിന്റെ പ്രാരംഭ പ്രവർത്തനം തുടങ്ങുകയുമൊക്കെ ചെയ്തു. പക്ഷേ ഇപ്പോൾ അതും ഒരു അസന്ദിഗ്ദ്ധ അവസ്ഥയിലാണ്; പ്രതിസന്ധിയിലായി നില്ക്കുന്നു. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിക്ക് സാമ്പത്തിക പരിമിതി ഉണ്ട് എന്നുള്ളതുകൊണ്ട് ഡയറി സയൻസ് കോളേജിന് മുന്നോട്ടു പോകാൻ കഴിയാത്ത സാഹചര്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. മണി: സർ, പീരുമേട് പോലെതന്നെ ദേവികുളവും അതിനു പറ്റിയ കാലാവസ്ഥയുള്ള മേഖലയാണ്. 1996-97 കാലഘട്ടത്തിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനും കൃഷിവകുപ്പുമന്ത്രി ശ്രീ. പി. പി. ജോർജ്ജും ആയിരുന്നു. അന്ന് ഇടുക്കി ജില്ലയിലെ കന്നുകാലി വളർത്തലിനുവേണ്ടി പത്തുകോടി രൂപ അനുവദിക്കുകയും ചെയ്തു. അതിനുശേഷം വന്ന ഗവൺമെന്റ് ഈ മേഖലയുടെ വികസനത്തിനുവേണ്ടി പ്രവർത്തിക്കാത്തതുകൊണ്ടല്ലേ ഇത്രയും വലിയ സംഭവങ്ങൾ ഉണ്ടായത്?

ഇ. എം. അഗസ്തി: സർ, എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ശ്രീ. മണി പറഞ്ഞതിൽ കുറച്ച് കാര്യമുണ്ട്. 1991-96 കാലഘട്ടത്തിൽ, 1994-ൽ സംയോജിത ക്ഷീര വികസന പദ്ധതി കേരളാ ഗവൺമെന്റ് നടപ്പിലാക്കുകയുണ്ടായി. അതിന് പ്രത്യേകമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പക്ഷേ 1996-നുശേഷം തുടർന്ന് ആ പദ്ധതി നടപ്പിലാക്കുന്നതിന് എന്തുകൊണ്ടോ പിന്നീട് വന്നവർക്ക് താല്പര്യമുണ്ടായിട്ടില്ല എന്ന കാര്യം ഒരു യാഥാർത്ഥ്യമാണ്. ഇങ്ങനെ അന്തർദേശീയ നിലവാരമുണ്ടായിരുന്ന കന്നുകാലി വളർത്തൽ കേന്ദ്രം നഷ്ടപ്പെട്ടു. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ആ സ്ഥലം ഏറ്റെടുത്തെങ്കിലും അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നില്ല. അത് യൂണിവേഴ്സിറ്റിയുടെ പുനർചിന്തനത്തിലാണെന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞത്. എന്തായാലും ഈ അവസരത്തിൽ ഞാൻ അതിലേക്ക് കടക്കുന്നില്ല. പീരുമേടിലെ പ്രത്യേകമായ സാഹചര്യം കാലിവളർത്തലിന് അനുകൂലമാണെന്നത് മാത്രമല്ല തോട്ടം മേഖലയിൽ ഉണ്ടായിരുന്ന പ്രതിസന്ധിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ എഴുപത്തിയയ്യായിരത്തോളം വരുന്ന തൊഴിലാളികൾ അർദ്ധ പട്ടിണിയിലാണ്. പൂർണ്ണ പട്ടിണിയിലെന്നു ഞാൻ പറയുന്നില്ല. കേരളാ ഗവൺമെന്റിന്റെ സൗമനസ്യംകൊണ്ടു വല്ലപ്പോഴും നൽകുന്ന സൗജന്യറേഷൻകൊണ്ടും വിദൂര സ്ഥലങ്ങളിൽ പുരുഷൻമാർ ജോലി തേടി പോകുകയും അതിൽനിന്നു കിട്ടുന്ന എന്തെങ്കിലും വീട്ടിലേക്ക് കൊണ്ടുവരികയും ചെയ്യുന്നതുകൊണ്ടും പട്ടിണി മരണങ്ങൾ ഉണ്ടാകുന്നില്ല എന്നതൊഴിച്ചാൽ സാധാരണ ജീവിതം ആ കുടുംബങ്ങളിലൊന്നുമില്ല. അവർ തലമുറകളായി ജീവിക്കുന്നത് ഈ എസ്റ്റേറ്റ് ലയങ്ങളിലാണ്. അവർക്ക് സ്വന്തമായി ഭൂമി ഇല്ല. വീടിനോട് ചേർന്ന് രണ്ടോ മൂന്നോ സെന്റ് സ്ഥലത്തിൽ പച്ചക്കറി നടാനുള്ള അനുവാദം മാത്രമാണ് അവർക്കുള്ളത്. സ്വന്തമായി കന്നുകാലി വളർത്തണമെന്ന് വിചാരിച്ച് ഒരു തൊഴുത്ത് ഉണ്ടാക്കുന്നതിനുള്ള സൗകര്യമില്ല. അങ്ങനെയുള്ള ആളുകൾക്ക് കുടുംബശ്രീ പദ്ധതി വളരെ വികേന്ദ്രീകൃതമായി നടപ്പിലാക്കി വരികയാണ്. പക്ഷേ അവർക്ക് കൂടാനും ചർച്ച ചെയ്യാനുമല്ലാതെ അവർക്ക് ഏറ്റെടുത്ത് നടത്താൻ കഴിയുന്ന പദ്ധതികൾ പ്രായോഗികമല്ലാത്ത സ്ഥിതി വിശേഷം നിലനിൽക്കുന്നു. അതുകൊണ്ടാണ് ഭൂമി ഇല്ലാത്ത ആളുകൾക്ക് തൊഴുത്ത് അതുപോലെതന്നെ അടിസ്ഥാന സൗകര്യങ്ങൾ സ്വന്തമായിട്ടില്ലാത്ത ആളുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഗവൺമെന്റ് തലത്തിൽ ഉണ്ടാക്കിക്കൊടുക്കുകയും ഗവൺമെന്റ് വലിയ സാമ്പത്തിക ബാധ്യത ഇല്ലാത്ത നിലയിൽ കുടുംബശ്രീ പോലുള്ള യൂണിറ്റുകളിൽനിന്ന് ലഭിക്കുന്ന സഹായംകൊണ്ട് കന്നുകാലികളെ വളർത്തുകയും ആ കന്നുകാലി വളർത്തലിന് അല്ലെങ്കിൽ തൊഴിലാളിക്ക് കന്നുകാലി വാങ്ങാനുള്ള പണം ലഭ്യമല്ലാത്തതുകൊണ്ട് അതുപോലുള്ള അംഗസ്ഥാപനങ്ങൾ ഉണ്ടാക്കി അത്തരം സ്ഥാപനങ്ങളിൽനിന്ന് ധനസമാഹരണം നടത്തി കന്നുകാലികളെ വാങ്ങി വളർത്തി അതിൽനിന്ന് കിട്ടുന്ന ആദായം അവർക്കുതന്നെ ലഭ്യമാക്കാനുള്ള ഒരു പദ്ധതിയാണ് ഞാൻ ഈ ബില്ലിൽ വിഭാവന ചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് ഇങ്ങനെ സ്വകാര്യ സംരംഭകർ ഉള്ളതുകൊണ്ട് അതുപോലെതന്നെ സഹകരണ മേഖല ഈ രംഗത്ത് പ്രവർത്തിക്കുന്നതുകൊണ്ട് അല്ലെങ്കിൽ ഗവൺമെന്റ് ഫാമുകൾ ലാഭകരമല്ലാത്തതുകൊണ്ട് ഇങ്ങനെയൊരു ബില്ലിനോട് യോജിക്കുന്നില്ല എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി ധരിച്ചുവച്ചിരിക്കുന്ന തരത്തിലുള്ള ഒരു ബില്ലല്ല ഞാൻ വിഭാവനം ചെയ്യുന്നത്. സർക്കാർ ഫാമുകളിൽ കടന്നുചെല്ലാൻ, സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന, കന്നുകാലി വളർത്തലുള്ള സ്ഥലത്ത്, കന്നുകാലി വളർത്തലും പാലുൽപ്പാദനവുമുള്ള സ്ഥലത്ത് സംഭരിക്കുന്ന പാൽ മിൽമയുമായി അഫിലിയേറ്റ് ചെയ്ത് സഹകരണ സ്ഥാപനങ്ങളിൽ കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പോയി കൊടുക്കുകയും അവരത് കളക്ട് ചെയ്ത് വിപണന കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുന്ന മാർക്കറ്റിംഗ് സംവിധാനം അല്ലാതെ കന്നുകാലി വളർത്തലിനുള്ള ഒരു സഹായവും സഹകരണ മേഖലയോ ഗവൺമെന്റോ ചെയ്തു കൊടുത്തിട്ടില്ല. അഭിമാനപൂർവ്വം അറിയേണ്ട ഒരു കാര്യം, കേരളത്തിൽ പാലിന്റെ ഉൽപ്പാദനം ദേശീയ ശരാശരിയേക്കാൾ മുമ്പിലാണ് എന്നതാണ്. ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ ഇൻഡ്യാ രാജ്യം വിഭാവനം ചെയ്തത് പത്തു ശതമാനം വളർച്ചയാണ്. പക്ഷേ ഈ രാജ്യത്തുള്ള നേട്ടം അഞ്ചു ശതമാനമാണ്. അഞ്ചു ശതമാനം മാത്രം. പക്ഷേ കേരളം നേടിയത് പതിനൊന്നു ശതമാനമാണ്. ദേശീയ ശരാശരി ലക്ഷ്യമിട്ടതിനേക്കാൾ വലിയ നേട്ടം കേരളം കൈവരിച്ചു. ഈ നേട്ടം കൈവരിച്ചതിൽ കേരളാ ഗവൺമെന്റിനോ ഡയറി ഡിപ്പാർട്ടുമെന്റിനോ യാതൊരു പങ്കുമില്ല. കേരളത്തിലെ സാധാരണക്കാരായ കൃഷിക്കാർ ഉണ്ടാക്കിയ നേട്ടമാണിത്. കാർഷിക വൃത്തിയെ സംബന്ധിച്ചും, ക്ഷീരോൽപ്പാദനത്തെപ്പറ്റിയും വളരെ ആധികാരികമായി സംസാരിക്കാൻ കഴിയുന്ന ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ ഈ സഭയിലുണ്ട്. ഈ നേട്ടങ്ങളൊക്കെ ഉണ്ടാക്കിയത് കേരളത്തിലെ കാർഷിക സമൂഹമാണ്. സ്വന്തം കൃഷിയിടങ്ങളിൽ കന്നുകാലികളെ വളർത്തി അത് ഒരു ഉപതൊഴിലായി കണ്ട് ആ പാൽ സംഭരിച്ച് അത് സൊസൈറ്റിയിൽ കൊണ്ടുപോയി കൊടുത്ത് അതുകൊണ്ട് ഉപജീവനം നടത്തുന്നവരായി കേരളത്തിൽ പത്തു ലക്ഷത്തോളം ആളുകളുണ്ട്. പത്ത് ലക്ഷത്തോളം വരുന്ന ഈ ആളുകൾ സംഘടിതരല്ല. കേരളത്തിലെ റബ്ബർ കർഷകരോളംതന്നെ അംഗസംഖ്യയുണ്ട് ഈ വിഭാഗത്തിൽ. റബ്ബറിന് വില കുറഞ്ഞാൽ സംസാരിക്കണമെന്നു പറയാൻ കേരളത്തിൽ എല്ലാവരുമുണ്ട്, ഞാൻ ഉൾപ്പെടെയുള്ള ആളുകളുണ്ട്. കേരളത്തിലെ ഭരണകൂടം മുഴുവനുണ്ട്. ഭരണപക്ഷത്തും പ്രതിപക്ഷത്തും ആളുകളുണ്ട്. പക്ഷേ ക്ഷീര കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാലിന് ന്യായവില കിട്ടണമെന്ന് പറയാൻ ഈ സഭയിലെ അങ്ങുപോലും ഉണ്ടാകില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഞാൻ സർവ്വ സമയവും കൃഷിക്കാരനാണ്. ഡയറിയെ കാർഷിക വിളയായി പ്രഖ്യാപിക്കണം. അല്ലാതെ ഇങ്ങനെ പ്രസംഗിച്ചതുകൊണ്ട് കാര്യമില്ല.

ശ്രീ. ഇ. എം. അഗസ്തി: ഞാനല്ല അത് പ്രഖ്യാപിക്കേണ്ടത്; എനിക്ക് പ്രസംഗിക്കാനല്ലേ കഴിയൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: ഗവൺമെന്റിനോട് പ്രഖ്യാപിക്കാൻ പറയണം.

ശ്രീ. ഇ. എം. അഗസ്തി: സൻമനസ്സുള്ളവർക്ക് സമാധാനം എന്നു പറഞ്ഞപോലെ അങ്ങയുടെ മനസ്സിനെ ഞാൻ സ്തുതിക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ: ബഹുമാന്യനായ മെമ്പർ റബ്ബർ കർഷകരുടെ പ്രശ്നം വന്നാൽ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള ആളുകൾ ഒറ്റക്കെട്ടായി വികാരഭരിതരായി ഇവിടെ സംസാരിക്കും. ക്ഷീരകർഷകർക്കുവേണ്ടി ആരുമില്ലായെന്ന് പറയുകയുണ്ടായി. ക്ഷീര കർഷകർക്കുവേണ്ടി മാത്രമല്ല, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട കൃഷി തെങ്ങുകൃഷിയാണ്. കേരകർഷകരാണ് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട കർഷകർ. ആ കേര കർഷകരെക്കുറിച്ച് പറയാൻപോലും ഈ സഭയിൽ കാര്യമായ ഇടപെടലുകളും ശ്രമവും നടക്കുന്നില്ല എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അഗസ്തി, your time is over. Are you concluding today?

ശ്രീ. ഇ. എം. അഗസ്തി: എനിക്ക് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് സംസാരിക്കാനുള്ളത്. ഒരു മിനിട്ടുകൊണ്ട് ഞാൻ കൺക്ലൂഡ് ചെയ്യാം.

മി. ഡെപ്യൂട്ടി സ്പീക്കർ: You can continue next time.

ശ്രീ. ഇ. എം. അഗസ്തി: ശരി സാർ.

(ചർച്ച തുടരും)

LIBRARY ARCHIVES Kerala Legislative Assembly